*Uncorrected/Not for publication*

*29-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ഇരുചക്ര വാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് റോഡപകടങ്ങൾമൂലം പൊതുനിരത്തുകളിൽ പൊലിയുന്ന ജീവനുകൾ അനവധിയാണ്. വലിയ രീതിയിൽ അപകടം സംഭവിച്ചതുമൂലം നിരവധി പേർ വികലാംഗരായി മാറുന്ന സാഹചര്യമുണ്ട്. ധാരാളം കുടുംബങ്ങൾ അനാഥരാകുന്നുമുണ്ട്. അത്തരം സന്ദർഭത്തിലാണ് 'ക്ലനിന്മേൽ കുരു'പോലെ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം 2019-ൽ ഭേദഗതി ചെയ്തുകൊണ്ട് ഇലക്ട്രിക് ഇരുചക്രവാഹനങ്ങളെ പരിപൂർണ്ണമായി കേന്ദ്ര വാഹന നിയമത്തിൽനിന്നും ഒഴിവാക്കിയത്. 250 വാട്സിന് താഴെ മാത്രമേ ഉപയോഗിക്കാവൂവെന്നും 25 കിലോമീറ്ററിന് താഴെ മാത്രമേ സ്പീഡുണ്ടാകാൻ പാടുള്ളൂവെന്നും നിയമത്തിൽ നിബന്ധനകളുണ്ട്. എന്നാൽ ഇവയെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് 250 വാട്സിനുമുകളിൽ എനർജിയും 25 കിലോമീറ്ററിനപ്പുറം സ്പീഡിൽ പോകാനുള്ള സാഹചര്യവും കമ്പനികൾതന്നെ ഒരുക്കിക്കൊടുക്കുന്നു. ഇതുകാരണം വലിയ നിലയിലുള്ള അപകടം ഇലക്ട്രിക് ഇരുചക്ര വാഹന യാത്രക്കാർക്ക് ഉണ്ടാകുന്നുണ്ട്. മോഡറേറ്റ് സ്പീഡിൽ ഓടിക്കുന്നവർക്കുപോലും അപകടമുണ്ടാകുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള ആളൂരിൽ ഇലക്ട്രിക് ഇരുചക്ര വാഹനമോടിച്ച് ജുവിൻരാജ്, അനന്തകൃഷ്ണൻ എന്നീ വിദ്യാർത്ഥികൾക്ക് മാരക പരിക്കുകളുണ്ടായി. അതിനുശേഷം ജുവിൻരാജ് മരണപ്പെടുകയും ചെയ്തു. രണ്ടുപേർക്കും ഹെൽമറ്റ് ഉണ്ടായിരുന്നില്ല. ഇടിച്ചത് പോലീസ് വാഹനമായതിനാൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ആ സമയത്തുതന്നെ പോലീസ് ഡ്രൈവറെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികളുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാമെന്ന് മുഖ്യമന്ത്രി സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തിയതുകൊണ്ട് നമ്മുടെ റോഡുകളിൽ ജീവൻ പൊലിയുന്ന ചെറുപ്പക്കാരുടെ എണ്ണം അനുദിനം വർധിച്ചുവരികയാണ്. ഇത് അങ്ങേയറ്റം ഭയപ്പെടുത്തുന്ന ഒരു കാര്യമാണ്. അതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണം. ഇത്തരത്തിലുള്ള വാഹനം ഓടിക്കുന്നവരുടെ ജീവൻ രക്ഷിക്കാനും

അവർക്ക് അപകടമുണ്ടാകാതിരിക്കാനും ഇലക്ട്രിക് ഇരുചക്ര വാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട അംഗം ശ്രീ. തോമസ് ഉണ്ണിയാടൻ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതുതന്നെയാണ്. മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 129 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഇരുചക്ര വാഹനങ്ങൾക്ക് ഹെൽമറ്റ് നിർബന്ധമാണ്, അതിനനുസരിച്ച് പിഴയും ഈടാക്കാവുന്നതാണ്. പക്ഷേ 250 വാട്ട്സ്-ൽ താഴെ പവറും 25 കിലോമീറ്ററിലധികം സ്പീഡുമില്ലാത്ത വാഹനങ്ങളെ നിലവിൽ 'നോൺ മോട്ടോർ വെഹിക്കിൾ' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം വാഹനങ്ങൾ എന്ന രീതിയിൽ പല വാഹനങ്ങളും നിരത്തിലിറങ്ങുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. വാഹനങ്ങളുടെ സ്പീഡ് 25 കിലോമീറ്ററിന് താഴെയാണെങ്കിൽപോലും ഹെൽമറ്റ് ധരിക്കാതെ പോയാൽ അപകടങ്ങൾ ഉണ്ടാകുന്നു. ഈയടുത്തകാലത്ത് കാസർഗോഡ് അങ്ങനെയുള്ള ഒരപകടമുണ്ടായി. ഇപ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലും അപകടമുണ്ടായി. ഇത്തരം വാഹനങ്ങൾക്ക് ഇൻഷ്വറൻസ് നിർബന്ധമല്ലാത്തതിനാൽ അപകടം സംഭവിച്ച ആളിന് അപകട ഇൻഷ്വറൻസ് ലഭിക്കുകയില്ല. ഇങ്ങനെയുള്ള ഇരകളുടെ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രശ്നം തന്നെയാണ് അത് ഉണ്ടാക്കുന്നത്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്. കേന്ദ്ര നിയമമാണ് നിലവിലുള്ളതെങ്കിൽപോലും കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 138(1A) പ്രകാരം സംസ്ഥാന സർക്കാരിനുള്ള ചട്ട നിർമ്മാണ അവകാശം ഉപയോഗിച്ച് ഈ വിഷയത്തിൽ പരിഹാര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ശ്രമിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ശ്രമിച്ചാൽ പോര, നടപടിയുണ്ടാക്കാൻ കഴിയുന്ന ഒരു വിഷയമാണിത്. നമ്മളെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിവയുണ്ട്. കേന്ദ്ര നിയമവുമായി സംഘർഷപ്പെടാതെ സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് പ്രകാരം നിരത്തുകളിലെ അപകടം ഒഴിവാക്കാൻവേണ്ടി റോഡ് സേഫ്റ്റി അനുസരിച്ച് നിയമം

നിർമ്മിക്കാൻ അങ്ങയെപ്പോലെയുള്ള ഒരാൾക്ക് കഴിയും. അതുകൊണ്ട് കേരളത്തിൽ ഈ നിയമത്തിൽ ഒരു മാറ്റമുണ്ടാക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. സി. പി. ജോൺ: സർ, തീർച്ചയായും അതിനുവേണ്ടി ശ്രമിക്കുമെന്ന് ഉറപ്പ് നൽകുകയാണ്. അതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## (2) ആരോഗ്യ-ചികിത്സാ രംഗത്തെ പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. മുരളീധരൻ: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് കേരളത്തിലെ ആദ്യത്തേതും ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്നതുമായ ഒരു മെഡിക്കൽ കോളേജാണ്. കേരളത്തിന്റെ ആരോഗ്യ മേഖലയെക്കുറിച്ച് പരിശോധിക്കുമ്പോൾ കഴിഞ്ഞ വർഷങ്ങളിലുണ്ടായ ഗുരുതരമായ ഒരു വിഷയം ജലജന്യരോഗങ്ങളുടെ ഫലമായി വളരെ കൂടുതൽ ആളുകൾ മരണമടയുന്ന സാഹചര്യം നിലനിൽക്കുന്നു എന്നുള്ളതാണ്. കുടിക്കാൻ കഴിയുന്ന ശുദ്ധജലത്തിന് ദൗർലഭ്യം നേരിടുന്ന ഒരു സംസ്ഥാനമായി കേരളം മാറുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജലജന്യരോഗങ്ങൾമൂലം കഴിഞ്ഞ അഞ്ചര വർഷക്കാലയളവിനിടയിൽ 2500 ഓളം പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എലിപ്പനി കാരണം 1514 പേർക്കും ഡെങ്കിപ്പനി കാരണം 515 പേർക്കും മഞ്ഞപ്പിത്തം കാരണം 233 പേർക്കുമാണ് കേരളത്തിൽ കഴിഞ്ഞ അഞ്ചര വർഷക്കാലത്തിനിടെ ജീവൻ നഷ്ടപ്പെട്ടിട്ടുള്ളത്. ഇതിന് പരിഹാരം കണ്ടെത്താൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിങ്ങനെയുള്ള ത്രിതല ആരോഗ്യ സംവിധാനമുണ്ട്. ദൗർഭാഗ്യവശാൽ ഇപ്പോൾ മെഡിക്കൽ കോളേജിലേക്കാണ് ആളുകൾ നേരിട്ട് വരുന്നത്. അതിന്റെ ഫലമായി ഒരു ബെഡ്ഡിൽ ഒന്നിലധികം രോഗികൾക്ക് കിടക്കേണ്ടിവരുന്നു, മാത്രമല്ല ചില സന്ദർഭങ്ങളിൽ രോഗികൾക്ക് നിലത്ത് കിടക്കേണ്ടിവരുന്ന സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. ബഹുമാന്യനായ ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ചുമതലയേറ്റെടുത്തതിനുശേഷം ഇനി മുതൽ രോഗികളെ നിലത്ത് കിടത്തുന്ന സാഹചര്യം ഉണ്ടാകില്ലെന്നാണ് പറഞ്ഞത്.

അദ്ദേഹത്തിന്റെ ആ സമീപനത്തെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ ഇത് പരിഹരിക്കണമെങ്കിൽ പ്രാഥമിക, സെക്കൻഡറി ഹെൽത്ത് കെയർ സിസ്റ്റം ശക്തിപ്പെടുത്താനുള്ള നടപടികൾക്കുവേണ്ടി ബജറ്റിൽ കൂടുതൽ തുക വകയിരുത്തേണ്ടതുണ്ട്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ ആരോഗ്യ മേഖലയ്ക്ക് മാറ്റിവയ്ക്കുന്ന ബജറ്റ് വിഹിതം പരിശോധിച്ചാൽ കേരളം ഇക്കാര്യത്തിൽ വളരെ പിന്നിൽ നിൽക്കുന്നൊരു സംസ്ഥാനമാണെന്ന് കാണാൻ കഴിയും. ബജറ്റ് വിഹിതം വർധിപ്പിക്കാതെ, സൗകര്യങ്ങൾ വർധിപ്പിക്കാതെ ഈ വിഷയങ്ങൾക്ക് എങ്ങനെ പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നുള്ളത് അറിയിച്ചാൽ നന്നായിരുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, ബഹുമാനപ്പെട്ട കഴക്കൂട്ടം അംഗം മെഡിക്കൽ കോളേജിലെ വിഷയങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മെഡിക്കൽ കോളേജുകളിൽ രോഗികളെ നിലത്തുകിടത്തുന്ന സാഹചര്യം ഒഴിവാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും സൗകര്യങ്ങൾ വർധിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മാത്രമല്ല മെഡിക്കൽ കോളേജുകളിൽ idle ആയി കിടക്കുന്ന സ്ഥലങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും കിടക്കകളും മറ്റും സജ്ജീകരിക്കാനും ഡോക്ടർമാരുടെയും സ്റ്റാഫുകളുടെയും എണ്ണം വർധിപ്പിക്കാനുമുള്ള സമീപനങ്ങൾ സ്വീകരിച്ചുവരികയാണ്. അതനുസരിച്ചാണ് പല പ്രമുഖ സ്ഥാപനങ്ങളുടെയും സി.എസ്.ആർ. ഫണ്ടുകൾ ഉൾപ്പെടെ വിനിയോഗിച്ചുകൊണ്ട് സർക്കാർ ആശുപത്രികളെ നവീകരിക്കുന്ന കാര്യം ഞാൻ സൂചിപ്പിച്ചത്. പത്രമാധ്യമങ്ങൾ ഉൾപ്പെടെ പല പ്രമുഖ സ്ഥാപനങ്ങളും അവരുടെ സി.എസ്.ആർ. ഫണ്ടുകൾ നൽകി സർക്കാർ മേഖലയെ സഹായിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പല സന്ദർഭങ്ങളിലായി സംഭവിച്ച ചികിത്സാ പിഴവുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ഒന്നാമത്തേത് സർജിക്കൽ പ്രോട്ടോക്കോൾ നടപ്പാക്കുക എന്നതാണ്. അതുസംബന്ധിച്ച് കർശന നിർദേശം നൽകിയിട്ടുണ്ട്. അതുപോലെ ഈച്ചകൾ പെറ്റുപെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കാനും

പുറത്തുനിന്നുള്ള ഭക്ഷണം ഒഴിവാക്കി പകരം കമ്മ്യൂണിറ്റി കിച്ചൻ പോലെയുള്ള സംവിധാനങ്ങൾ നടപ്പാക്കാനും നിർദേശം നൽകിയിട്ടുണ്ട്. രോഗികളുടെ മുറിവുകൾ തുറന്നുവയ്ക്കുന്ന പ്രവണത ഒഴിവാക്കുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ട്. രോഗിയുടെ മുറിവ് പുഴുവരിച്ച സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മിറ്റിയെ നിയോഗിച്ച കാര്യം ഈ സഭയിൽ മുമ്പ് സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അതിലെ ശിപാർശകൾ നടപ്പാക്കുന്നതിനും പകർച്ച വ്യാധികൾ എങ്ങനെ തടയാം; എന്തെല്ലാം മാറ്റങ്ങൾ ഈ രംഗത്ത് വരുത്തണം എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെന്റ് മേഖലയിലെയും സ്വകാര്യ മേഖലയിലെയും ഡോക്ടർമാരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രാഥമിക റിപ്പോർട്ട് അനുസരിച്ചുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ചികിത്സാ പിഴവുകൾ ഗൗരവമായി കണ്ട് അത് ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും ഓറിയന്റേഷൻ ക്ലാസുകളും ട്രെയിനിങ്ങും നൽകിവരുന്നുണ്ട്. രോഗികളുടെ തത്സ്ഥിതി വിവരങ്ങൾ ബന്ധുക്കളെയും മറ്റും അറിയിക്കാൻ യൂണിറ്റിൽ ഒരു ഫാക്കൽറ്റി മെമ്പറേയും നഴ്സിങ്ങ് ഓഫീസറേയും ചുമതലപ്പെടുത്തുകയും ഇവർക്ക് ആശയ വിനിമയത്തിനാവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. അതിന് സൗകര്യപ്രദമായ റൂം ഏരിയയും ഒരുക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട വിഷയങ്ങൾ ഗൗരവമായികണ്ട്, തെറ്റുകൾ ഉണ്ടെങ്കിൽ അത് തിരുത്തിക്കൊണ്ട് കുറ്റം ചെയ്യുവർ ആരാണെങ്കിലും അവർക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോവുകയാണ്. അതോടൊപ്പംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച്, തിരുവനന്തപുരം നഗരസഭയിലെ ഇപ്പോഴത്തെ ഭരണസ്തംഭനം മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇപ്പോഴത്തെ റിപ്പോർട്ട് പ്രകാരം ഡെങ്കിപ്പനി പകരാൻ ഏറ്റവും സാധ്യതയുള്ളത് മഴക്കാലത്താണ്. അതുകൊണ്ട് ശുചിത്വ പാലനം, വേസ്റ്റ് നീക്കം ചെയ്യൽ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും

കർശന നിർദേശം നൽകിയിട്ടുണ്ട്. ഈ മേഖലയെ നമുക്ക് സംരക്ഷിക്കാൻ കഴിയും; അതിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. വി. മുരളീധരൻ: സർ, ചികിത്സാ പിഴവിന്റെ കാര്യത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും അത് രോഗികളും ഡോക്ടർമാരും അല്ലെങ്കിൽ ആരോഗ്യ പ്രവർത്തകരും തമ്മിലുള്ള വലിയ സംഘർഷത്തിനാണ് കാരണമാകുന്നത്. രോഗികൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല, വേണ്ടത്ര പരിചരണം കിട്ടുന്നില്ല എന്നുള്ള പരാതി വരുമ്പോൾതന്നെ മറുവശത്ത് ആവശ്യമായ ഡോക്ടർമാരുടെയും നഴ്സിങ് സ്റ്റാഫിന്റെയും മറ്റ് പാരാമെഡിക്കൽ സംവിധാനങ്ങളുടെയും അപര്യാപ്തതയാണ് ഇതിന് കാരണമാകുന്നത് എന്നൊരു വിലയിരുത്തലുണ്ട്. രോഗികളുടെയും ബെഡ്ഡുകളുടെയും എണ്ണം വർധിക്കുമ്പോഴും ദശാബ്ദങ്ങൾ പഴക്കമുള്ള സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും തുടരുന്നത് എന്നുള്ളതാണ്. നിരവധി താത്കാലിക ജീവനക്കാരും അവിടെയുണ്ട്. ഇതിനൊരു പരിഹാരം കണ്ടെത്തി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ സർക്കാർ നടപടികളെടുക്കുമോ?

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും. അക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. സ്റ്റാഫിന്റെയും ഡോക്ടർമാരുടെയും എണ്ണം വർധിപ്പിക്കുന്ന പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. എത്രയും പെട്ടെന്നുതന്നെ പുതിയ സ്റ്റാഫ് പാറ്റേൺ പ്രഖ്യാപിച്ച് അത് നടപ്പാക്കും.

* * *